4.1

# തേനൂറും മലയാളം

## ആമുഖം

**ഏ**തു ജനവിഭാഗത്തിനും അവരുടേതായ ചില സവിശേഷതകളുണ്ടാവും. വിദ്യാഭ്യാസം, ആരോഗ്യം, ആചാരാനുഷ്ഠാനങ്ങൾ, സംസ്കാരക്രിയകൾ, കല, ശാസ്ത്രം, കായികവിദ്യകൾ തുടങ്ങിയ മേഖലകളിൽ വർഷങ്ങളിലൂടെ സ്വരൂപിച്ച അറിവുകളും അന്വേഷണങ്ങളും ഉണ്ടാകും. ഈ അറിവുകളുടെയും അന്വേഷണങ്ങളുടെയും ആകത്തുകയാണ് സംസ്കാരം. ഇത് വിനിമയം ചെയ്യുന്നതിൽ മാതൃഭാഷകൾക്ക് പ്രധാന പങ്കാണുള്ളത്. മാതൃഭാഷ നഷ്ടമാവുമ്പോൾ ആ സംസ്കാരവും നഷ്ടമാവുന്നു എന്നു പറയുന്നത് അതുകൊണ്ടാണ്. നമ്മുടെ സംസ്കാരത്തിന്റെയും ജീവിതപുരോഗതിയുടെയും വേരുകൾ ആഴ്ന്നിറങ്ങിയിരിക്കുന്നത് മലയാളത്തിന്റെ വളക്കൂറുള്ള മണ്ണിലാണ്.

ജനതയുടെ ആത്മാവ് കുടികൊള്ളുന്നത് മാതൃഭാഷയിലാണ്. വിദ്യാഭ്യാസത്തിന്റെ മാധ്യമം മാതൃഭാഷയാകണമെന്ന് ലോകം അംഗീകരിച്ചുകഴിഞ്ഞു. വൈജ്ഞാനികമായ ഏതു മേഖലയിലുമുള്ള അറിവുകൾ ഉൾക്കൊള്ളാൻ പ്രാപ്തമായ നിലവാരത്തിലേക്ക് ശ്രേഷ്ഠ ഭാഷയായ മലയാളം ഉയർന്നു കഴിഞ്ഞു. മലയാളത്തിലെ ഉത്കൃഷ്ടമായ സാഹിത്യരചനകൾ നൽകുന്ന ജീവതാവബോധവും സൗന്ദര്യാനുഭൂതിയും നമ്മെ സംസ്കൃതചിത്തരാക്കി മാറ്റുന്നു. കേവലമായ ആസ്വാദനത്തിനപ്പുറത്തേക്ക് സ്വയം നവീകരിക്കുന്ന ഊർജ്ജത്തിന്റെ ഉറവിടങ്ങളാണ് മലയാളഭാഷയും സാഹിത്യവും. അറിവിന്റെ വിസ്മയലോകത്തേക്ക് കുട്ടികളെ നയിക്കാനും ഭാഷയെയും സാഹിത്യത്തെയും അതിലൂടെ നമ്മുടെ സംസ്കാരത്തെയും നവീകരിച്ച് സംരക്ഷിക്കാനും മാതൃഭാഷയ്ക്ക് കഴിയും. ഈ തിരിച്ചറിവോടെ വേണം 'തേനൂറും മലയാളം' എന്ന യൂണിറ്റിലെ രചനകളെ സമീപിക്കുന്നത്.

***<u>മാതൃഭാഷയെപ്പറ്റി</u>***

'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ.' *-എന്റെ ഭാഷ (വള്ളത്തോൾ)*

'എന്നുടെ ഭാഷതാനെൻ തറവാട്ടമ്മ;-
യന്യയാം ഭാഷ വിരുന്നുകാരി.' *-തറവാട്ടമ്മ (വള്ളത്തോൾ)*

'എത്രസുന്ദരമെത്ര സുന്ദരമെന്റെ മലയാളം!
മുത്തുപവിഴങ്ങൾ കൊരുത്തൊരു പൊന്നുനൂൽപോലെ!' *-മലയാളം (ഒ.എൻ.വി)*

"എന്റെ പ്രൈമറി ക്ലാസിലെ മലയാളം അധ്യാപകൻ കാണിച്ചതന്ന വെളിച്ചമാണ് പിൽക്കാലത്ത് ശാസ്ത്രവഴികളിൽ എനിക്ക് തുണയായത്."

*- ഇ.സി.ജി സുദർശൻ (നോബൽ സമ്മാനത്തിന് പരിഗണിക്കപ്പെട്ട മലയാളി ശാസ്ത്രജ്ഞൻ)*

## അധ്യായവിശകലനം

| ആശയം/ധാരണ | പ്രവർത്തനങ്ങൾ | പഠന തെളിവുകൾ | ഭാഷാ വസ്തുതകൾ | വിലയിരുത്തൽ |
|---|---|---|---|---|
| * മാതൃഭാഷയുടെ മഹത്വം പ്രതിപാദിക്കുന്ന ധാരാളം രചനകൾ നമ്മുടെ സാഹിത്യത്തിലുണ്ട്.<br>* കവിതാലാപനത്തിൽ ഈണത്തിനും താളത്തിനുമൊപ്പം ഭാവത്തിനും പ്രാധാന്യമുണ്ട്.<br>* വ്യക്തിബന്ധങ്ങൾ, കുടുംബബന്ധങ്ങൾ എന്നിവയുടെ പവിത്രത നാം കാത്തുസൂക്ഷിക്കേണ്ടതാണ്.<br>* പ്രാദേശികഭാഷയുടെ സൗന്ദര്യം, മഹത്വം എന്നിവ വെളിവാക്കുന്ന നിരവധി സന്ദർഭങ്ങൾ നമ്മുടെ കഥകളിലും നോവലുകളിലും ഉണ്ട്.<br>* കഥയെ നാടകമാക്കുമ്പോൾ നാടകീയത മുറ്റിനിൽക്കുന്ന മുഹൂർത്തങ്ങൾ കണ്ടെത്തി ഉചിതമായ സംഭാഷണങ്ങളിലൂടെ ആവിഷ്ക്കരിക്കേണ്ടതുണ്ട്.<br>* കഥാപാത്രനിരൂപണം തയാറാക്കുമ്പോൾ കഥാപാത്രത്തിന്റെ രൂപം, സ്വഭാവസവിശേഷതകൾ, കഥയിലെ സ്ഥാനം മറ്റ് കഥാപാത്രങ്ങളുമായുള്ള ഇടപെടൽ എന്നിവ പരിഗണിക്കേണ്ടതുണ്ട്. | * കവിത വ്യക്തഗതമായും സംഘമായും ആലപിക്കൽ<br>* പുസ്തകങ്ങൾ വായിച്ചും ചർച്ചകളിൽ ഏർപ്പെട്ടും അഭിമുഖം നടത്തിയും വിവരങ്ങൾ ശേഖരിച്ച് ജീവിചരിത്രക്കുറിപ്പ് തയാറാക്കൽ<br>* കഥാസന്ദർഭം, മുഹൂർത്തങ്ങൾ, കഥാപാത്രങ്ങളുടെ സവിശേഷതകൾ ഇവ തിരിച്ചറിഞ്ഞ് വിവരണം, നാടകം, കഥാപാത്രനിരൂപണം എന്നിവ തയാറാക്കൽ<br>* പദച്ചേരുവകളുടെ ഔചിത്യം, പ്രയോഗഭംഗിയുടെ സവിശേഷതകൾ എന്നിവ കണ്ടെത്തി ചർച്ച ചെയ്യൽ | * ഈണം, താളം, ഭാവം ഇവ ഉൾക്കൊണ്ടുള്ള ആലാപനം<br>* ജീവചരിത്രക്കുറിപ്പ്<br>* വിവരണം<br>* നാടകം<br>* കഥാപാത്രനിരൂപണം<br>* കഥയെഴുത്ത് | * പദച്ചേരുവകൾ<br>* സവിശേഷപ്രയോഗങ്ങൾ<br>* പ്രാദേശികഭാഷാസവിശേഷതകൾ | * കവിതയുടെ ആലാപനം<br>* വിവരണം, നാടകം, കഥാപാത്രനിരൂപണം എന്നിവയുടെ പ്രക്രിയാഘട്ടങ്ങൾ<br>* പോർട്ട്ഫോളിയോ (കഥാപാത്രനിരൂപണം, നാടകം)<br>* നാടകാവതരണം |

# പ്രവേശകപ്രവർത്തനം

## ചൊല്ലാം രസിക്കാം

- കുഞ്ഞുണ്ണിമാഷിന്റെ രസകരവും പരിചിതവുമായ ചില കവിതാശകലങ്ങൾ ചാർട്ടിൽ/ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നു.

ഒരുതുള്ളിയമ്മിഞ്ഞപ്പാലിൻ പരപ്പാണീയാകാശം

ആയീ ഠായീ മിട്ഠായി
തിന്നുമ്പോഴെന്തിഷ്ടായി
തിന്നുകഴിഞ്ഞു കഷ്ടായി

ഒരു ചെറിയ മരം
അതിലൊരു വലിയ വനം
അതാണെന്റെ മനം

അമ്മയെന്നമ്മയ്ക്കുമച്ഛനെന്നച്ഛന്നും
പേരെന്ന് കുഞ്ഞിമോനോതിടുമ്പോൾ
അർഥമതിന്നെത്രയെന്നറിഞ്ഞീടുവാൻ
പുസ്തകജ്ഞാനിയാം ജ്ഞാനശക്തൻ

ഒന്നും രണ്ടുമുള്ളപ്പോൾ
മൂന്നെന്തിന് മനുഷ്യരേ

പുറത്തുകാറ്റുമിരുട്ടും അകത്തിടിയും മഴയും
അവയ്ക്കിടയ്ക്കൊരു ചിമ്മിനിയും
കണക്കുബുക്കും
പെൺകുഞ്ഞും

## കുട്ടികൾ പാടി രസിക്കട്ടെ

- അധ്യാപികയും കുട്ടികളും ചേർന്ന് ചൊല്ലിയവതരിപ്പിക്കുന്നു.
- തുടർന്ന്
  - കുഞ്ഞുണ്ണിമാഷിന്റെ ഫോട്ടോ/ചിത്രം കണ്ടിട്ടുണ്ടോ ? എന്ന ചോദ്യത്തിലൂടെ പുസ്തകത്തിലേക്ക് നയിക്കാം.
- കുഞ്ഞുണ്ണിമാഷിന്റെ ഫോട്ടോ പ്രദർശിപ്പിക്കുന്നു.
  - തൊട്ടപ്പുറത്ത് കൊടുത്ത മാഷിന്റെ കവിത വായിച്ചു നോക്കൂ, എന്ന് നിർദേശം നൽകാം.
- കുട്ടികൾ ചിത്രം ശ്രദ്ധിക്കുന്നു.
- വ്യക്തിഗത വായന
- സംഘമായി ചൊല്ലി അവതരിപ്പിക്കാൻ അവസരം നൽകുന്നു.
- ചർച്ച
  - മലയാളം എന്തല്ല എന്നാണ് കവി നമ്മോട് പറയുന്നത് ?
  - 'മലയാളമെന്ന നാലക്ഷരമല്ല' പിന്നെ എന്താണ് തന്റെ മലയാളം എന്നാണ് കവി സൂചിപ്പിക്കുന്നത് ?

**കുഞ്ഞുണ്ണിമാസ്റ്റർ**

(1927 – 2006)



തൃശൂർ ജില്ലയിലെ വലപ്പാട്ട് ജനിച്ചു. ദീർഘകാലം അധ്യാപകനായി ജോലി ചെയ്തു. ഭാഷയുടെ മർമം അറിഞ്ഞ് കുഞ്ഞുവരികൾകൊണ്ട് വലിയ ആശയത്തെ കവിതച്ചെപ്പിലൊതുക്കുന്ന കവി.

പഴംചൊല്ലുകൾ, കടങ്കഥകൾ, നമ്പൂതിരിഫലിതങ്ങൽ എന്നിവ ശേഖരിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. ചിത്രകലയിലും പ്രാവീണ്യം ഉണ്ടായിരുന്നു. കേരള സാഹിത്യ അക്കാദമി പുരസ്കാരം, ജന്മാഷ്ടമി പുരസ്കാരം മുതലായ ബഹുമതികൾ ലഭിച്ചു.

*പ്രധാനകൃതികൾ:*

കുഞ്ഞുണ്ണിക്കവിതകൾ (കവിതാസമാഹാരം) വിത്തും കൈക്കോട്ടും, അക്ഷരത്തെറ്റ്, പതിനഞ്ചും പതിനഞ്ചും, നാടൻ കുട്ടിക്കവിതകൾ (ബാലസാഹിത്യം). തെരഞ്ഞെടുത്ത പഴഞ്ചൊല്ലുകൾ, തെരഞ്ഞെടുത്ത കടങ്കഥകൾ, നമ്പൂതിരി ഫലിതങ്ങൾ (ശേഖരങ്ങൾ) കുറ്റിപ്പെൻസിൽ (കഥാസമാഹാരം).

♦ അമ്മയും മണ്ണും നമുക്കെന്തെല്ലാമാണ്? ഇവ തമ്മിൽ വല്ല സാമ്യവുമുണ്ടോ?

| അമ്മ | മണ്ണ് |
|---|---|
| • ജന്മം തന്നത് | • ജീവിക്കുന്നത് |
| • പാലൂട്ടി വളർത്തിയത് | • കൃഷി ചെയ്യുന്നത് |
| • കൊഞ്ചിച്ചത് | • വീട് വയ്ക്കുന്നത് |
| • | • |
| • | • |

□ അമ്മയെന്ന ഒരൊറ്റക്ഷരമാണ്.
മണ്ണ് എന്ന് ഒരൊറ്റക്ഷരമാണ്.
രണ്ടുവരിയിലും ഒരൊറ്റ എന്ന് കവി ആവർത്തിച്ച് പറയുന്നതെന്തുകൊണ്ട് ?

- ⁕ ഉറപ്പിച്ച് പറയാൻ
- ⁕ കൂടിച്ചേരലിന്റെ സൂചന ലഭിക്കുന്നത്

*ക്രോഡീകരണത്തിൽ വരേണ്ടത്*

മലയാളമെന്നത് കവിക്ക് കേവലമൊരു പദമോ അക്ഷരങ്ങളുടെ കൂട്ടമോ അല്ല. അമ്മയും മണ്ണുമാണ്. അമ്മയ്ക്ക് പകരം വയ്ക്കാൻ മറ്റൊന്നില്ല, മണ്ണിനും. രണ്ടും നമ്മുടെ ജീവനാണ്. ഇതുപോലെ ഓരോ വ്യക്തിക്കും ഏറെ പ്രിയപ്പെട്ടതാണ് തന്റെ മാതൃഭാഷയെന്ന് കവി പറയുന്നു.

## 4.1.1 മലയാളനാടേ ജയിച്ചാലും

മലയാളകവിതയെ രൂപത്തിലും ഭാവത്തിലും അടിമുടി മാറ്റിപ്പണിത കവിയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള. നിയതമായ ചാലുകളിൽനിന്ന് വ്യത്യസ്തമായി സ്വതന്ത്രമായ ഈണങ്ങളിൽ അത്രമേൽ സംഗീതബന്ധുരമായി ഒരു പുതിയ കാവ്യസംസ്കൃതി തന്നെ ചങ്ങമ്പുഴ സൃഷ്ടിച്ചു. മലയാളിയുടെ സ്വഭാവഘടനയിൽ കാണുന്ന ചില പൊതുതത്വങ്ങൾ കൂട്ടിയോജിപ്പിക്കുകയാണ് ചങ്ങമ്പുഴ ചെയ്തതെന്ന് നിരൂപകനായ കേസരി എ. ബാലകൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നു. മലയാളിമനസ്സ് ഇഷ്ടപ്പെടുന്ന ചില പ്രധാന ചേരുവകൾ ചങ്ങമ്പുഴ തന്റെ കവിതയിലേക്ക് ആവാഹിച്ചെടുക്കുകയായിരുന്നു. സംഗീതത്തോടുള്ള അദമ്യമായ താൽപ്പര്യം, നേരിയ വിഷാദാത്മത്വം, ഫലിതപ്രിയത, നൃത്തത്തോടുള്ള ആഭിമുഖ്യം, തീവ്രമായ വൈകാരികത തുടങ്ങിയവയിൽ ഫലിതത്തോടുള്ള താൽപ്പര്യം ഒഴികെ മറ്റെല്ലാം ചങ്ങമ്പുഴക്കവിതയിൽ നിറഞ്ഞുനിന്നു. പൂർവസൂരികളായ കവികൾ സംസ്കൃത ദ്രാവിഡവൃത്തങ്ങളിലും കവിത കുറിച്ചപ്പോൾ ചങ്ങമ്പുഴ നാടൻപാട്ടുകളിൽനിന്നും നാടോടി വാങ്മയങ്ങളിൽനിന്നും കവിതയുടെ താളവും ഈണവും കണ്ടെത്തി. അത് അടിസ്ഥാനപരമായി മലയാളികളുടെ മനസ്സിൽ പ്രതിഷ്ഠനേടി.

ഉറ്റസുഹൃത്തായ ഇടപ്പള്ളി രാഘവൻ പിള്ള പ്രണയനൈരാശ്യം മൂലം ആത്മഹത്യ ചെയ്തപ്പോൾ ആ ദു:ഖം കരളിലൊതുക്കി ചങ്ങമ്പുഴ ഹൃദയരക്തം ചാർത്തി എഴുതിയതാണ് രമണൻ എന്ന ഇടയവിലാപ കാവ്യം. 1936-ൽ ആണ് ഇത് പ്രസിദ്ധീകരിച്ചത്. തുടർന്ന് ഈ കാവ്യത്തിന്റെ ഒരു ലക്ഷത്തിലധികം കോപ്പികൾ വിറ്റഴിക്കപ്പെട്ടു. അത് ഒരു സർവകാല റെക്കോർഡ് ആയിരുന്നു. ഒരു കാലഘട്ടം മുഴുവൻ മലയാളക്കര രമണൻ പാടി നടന്നു എന്ന് പറയുന്നതാവും ശരി. ആസാമിലേക്ക് തൊഴിൽതേടി പോയവരുടെ കൈയിൽ വസ്ത്രങ്ങളും പണിയായുധങ്ങളും മാത്രമല്ല ഒരു പുസ്തകവും കൂടി ഉണ്ടായിരുന്നു. അതായിരുന്നു രമണൻ. ചങ്ങമ്പുഴയുടെ വാഴക്കുലയും മനസ്വിനിയും പാടുന്ന പിശാചും സ്പന്ദിക്കുന്ന അസ്ഥിമാടവുമെല്ലാം മലയാളികളെ വിസ്മയിപ്പിച്ച കവിതകളാണ്. 1911 ഒക്ടോബർ 11ന് ജനിച്ച ചങ്ങമ്പുഴ 37-മത്തെ വയസ്സിൽ 1948 ജൂൺ 17ന് മരണപ്പെട്ടു. മലയാള കവിതയിൽ കാല്പനികതയുടെ ഒരു കൊള്ളിമീനായി മിന്നിയ ചങ്ങമ്പുഴയുടെ രചനാരീതി വയലാർ രാമവർമ്മ ഉൾപ്പെടെയുള്ള പില്ക്കാല കവികൾക്കെല്ലാം അനുകരണീയമായി മാറി.

കേരളപ്രകൃതിയെ കുറിച്ചും മലയാളഭാഷയെ കുറിച്ചും നിരവധി കവിതകൾ ചങ്ങമ്പുഴ രചിച്ചിട്ടുണ്ട്.

> “മലരണിക്കാടുകൾ തിങ്ങിവിങ്ങി,
> മരതകകാന്തിയിൽ മുങ്ങിമുങ്ങി,
> കരളും മിഴിയും കവർന്നുമിന്നി
> കറയറ്റൊരാലസൽ ഗ്രാമഭംഗി” *(രമണൻ)*

എന്ന വരികൾ മലയാളിമനസ്സിൽ എന്നും നിറഞ്ഞുനിൽക്കുന്നവയാണ്. ഇവിടെ ‘മലയാള നാടേ ജയിച്ചാലും’ എന്ന കവിതയിൽ മലയാളനാടിനെയും മലയാളഭാഷയെയും പ്രകീർത്തിക്കുകയാണ് കവി. മലയാളനാടിന്റെ മാറിലേക്ക് സൗന്ദര്യം പുഷ്പഹാരം

അർപ്പിക്കുകയാണ്. പരിശുദ്ധമായ ഐശ്വര്യം നിത്യവും പുലരുന്ന വീടായ മലയാളനാടേ നീ വിജയിക്കട്ടെ. ഹൃദയഹാരിയായ നിന്റെ കളിത്തോപ്പിൽ കവികളാകുന്ന കുയിലുകൾ പാറിപ്പറന്നുപാടി. അവർ പെയ്ത കാകളിത്തേനാകുന്ന മഴസമൃദ്ധമായ ഉന്മാദംതന്നെയാണ് ഞങ്ങൾക്ക് തരുന്നത്. മലയാളത്തിന്റെ പ്രിയപ്പെട്ട വൃത്തങ്ങളാണ് കാകളിയും മഞ്ജരിയും കേകയുമെല്ലാം. കവികോകിലങ്ങളുടെ മധുരകണ്ഠങ്ങളിലൂടെ അത് കേൾക്കുമ്പോൾ കവി ഭ്രാന്തമായ അനുഭൂതികളിലേക്ക് ചെന്ന് ചേരുന്നു.

തുടർന്ന് കവി മലയാളഭാഷയിലെ വിഖ്യാതമായ കവി ശ്രേഷ്ഠന്മാരെയും അവരുടെ കാവ്യരീതികളെയും ഓർക്കുകയാണ്. വർഷങ്ങൾക്കപ്പുറം (ക്രിസ്തുവർഷം 16-ാം നൂറ്റാണ്ടിൽ) പ്രകൃതിരമണീയമായ തുഞ്ചൻപറമ്പിൽ ഒരു തൈമരത്തിന്റെ തളിർത്ത കൊമ്പിൽ ഒരു പച്ചത്തത്തമ്മ കൂടുകൂട്ടി. അഖില വേദാന്തങ്ങളും പുരാണതത്ത്വങ്ങളും അവൾ സന്തോഷത്തോടെ പാടി. തുഞ്ചത്ത് രാമാനുജനെഴുത്തച്ഛന്റെ കിളിപ്പാട്ടുകളിൽ നിറഞ്ഞുനിന്ന ഭക്തിരസപ്രധാനമായ തത്വചിന്തകളും രാമായണമഹാഭാരതഭാഗവതാദി പുരാണങ്ങളും ഇവിടെ സ്മരിക്കപ്പെടുന്നു. എഴുത്തച്ഛൻ ആധുനികമലയാള ഭാഷയുടെ പിതാവാണ്. കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ മുഖ്യപ്രയോക്താവാണ്. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് തുടങ്ങിയ കാര്യങ്ങളും ഇവിടെ ഓർക്കാവുന്നതാണ്. ഗഹനമായ ആധ്യാത്മികചിന്താപദ്ധതികളാണ് എഴുത്തച്ഛൻ ഏറ്റവും ലളിതമായി സാധാരണക്കാരിലേക്ക് പകർന്നത്. ഇതെല്ലാം പകർന്നു നൽകുന്നതിൽ വർധിച്ച സന്തോഷം ആ കിളിപ്പെണ്ണിന് ഉണ്ടായിരുന്നു. അഴകുറ്റ ആ ഗാനനിർഝരിക്ക് മുമ്പിൽ തൊഴുകൈകളാകുന്ന പൂമൊട്ടുകളുമായി നില്ക്കുകയാണ് മലയാളികൾ.

അടുത്തതായി ചങ്ങമ്പുഴ ഓർക്കുന്ന കവി കുഞ്ചൻനമ്പ്യാരാണ്. ഒരു കവി എന്നതിനപ്പുറം മഹത്തായ ഒരു ദൃശ്യകല - തുള്ളൽക്കലാ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് കൂടിയാണ് നമ്പ്യാർ. ആ കാവ്യസരണിയുടെ ഏറ്റവും വലിയ പ്രത്യേകത ഫലിതപരിഹാസങ്ങളായിരുന്നു. സാമൂഹിക ജീവിതത്തിലെ എല്ലാ തിന്മകളെയും നമ്പ്യാർ പരിഹസിച്ചു. ഫലിതത്തിന്റെ തൈലം പകർന്നുകൊണ്ടാണ് കുഞ്ചൻ നിലവിളക്ക് കൊളുത്തിയത്. ഐശ്വര്യപൂർണമായ സമാരംഭത്തെയാണ് നിലവിളക്ക് കൊളുത്തൽ സൂചിപ്പിക്കുന്നത്. ഇവിടെ മഹത്തായ ഒരു ദൃശ്യകലയായ തുള്ളൽ കലയുടെ ഉദ്ഘാടന ചടങ്ങ് നിലവിളക്ക് കൊളുത്തിവച്ചു എന്നതിലൂടെ സൂചിപ്പിക്കുന്നത്. ആ വിളക്കിൽ ആയിരം പൊൻതിരികളുണ്ട്. അവ അറിവിന്റെ വെളിച്ചം ചൊരിഞ്ഞുകൊണ്ട് എരിഞ്ഞു. അറിവിനെ വെളിച്ചമായിട്ടാണ് വേദോപനിഷത്തുകൾ കൽപ്പിച്ചിട്ടുള്ളത്. 'തമസോമാ ജ്യോതിർഗമയ' - എന്നെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നയിച്ചാലും എന്ന് പറയുമ്പോൾ അറിവിന്റെ സംക്രമണമാണ് ഉദ്ദേശിക്കുന്നത്. കലയുടെയും സാഹിത്യത്തിന്റെയും അറിവിന്റെ പൊൻതിരികളാണ് കുഞ്ചൻ നമ്പ്യാർ കൊളുത്തിവെച്ചത്. അതാകട്ടെ ഫലിതതൈലം കൊണ്ടാണ് കത്തുന്നത്. കുഞ്ചൻ നമ്പ്യാർ ശക്തനായ കവിയാണ്. ഓട്ടൻ, ശീതങ്കൻ, പറയൻ തുടങ്ങിയ തുള്ളലുകളായും ശ്രീകൃഷ്ണ ചരിതം മണിപ്രവാളമായുമെല്ലാം ആ അറിവിൻ പൊൻതിരികൾ ഇന്നും കെടാതെ കത്തിനില്ക്കുന്നു.

ഇനി സൂചിപ്പിക്കുന്നത് കൃഷ്ണഗാഥയെയും ചെറുശ്ശേരിയെയുമാണ്. 15-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ചെറുശ്ശേരി രചിച്ച കൃഷ്ണഗാഥ മലയാളത്തിന്റെ പ്രത്യേകതകൾ ഒത്തിണങ്ങിയ കാവ്യമാണ്. ഭാഗവതം ദശമസ്കന്ധത്തിലെ ശ്രീകൃഷ്ണൻ മഞ്ജരി വൃത്തത്തിന്റെ ഈണത്തിൽ മധുരതരമായി രചിക്കപ്പെട്ടതാണ് കൃഷ്ണഗാഥ. രസഭാവങ്ങൾ നിറഞ്ഞ് സർവത്ര അലങ്കാരഭാസുരമായി ലളിതകോമളാകാന്ത പദാവലികളാൽ വിരചിതമായ ആ ഉത്കൃഷ്ട കൃതിയെയാണ് ഇവിടെ സൂചി

പ്പിച്ചിരിക്കുന്നത്. അത് മണിമുകിൽ വർണ്ണനായ ശ്രീകൃഷ്ണനെയാണ് വാഴ്ത്തിയാടുന്നത്. നാട്ടുമൊഴികളിൽ നിന്ന് തേനൂറുന്ന സംഗീതസാന്ദ്രമായ ഈരടികൾ സൃഷ്ടിച്ച സർഗധനനാണ് ചെറുശ്ശേരി നമ്പൂതിരി. അതുകൊണ്ടാണ് 'മതിമാൻ' എന്നു പറഞ്ഞിരിക്കുന്നത്.

പ്രാചീന കവിത്രയത്തിനുശേഷം മലയാള നാട്ടിൽ കവിതയുടെ പുത്തൻ ഉണർവുമായി വന്നവരാണ് ആധുനിക കവിത്രയം. അതിൽ അഗ്രഗണ്യനാണ് കുമാരനാശാൻ. സ്നേഹഗായകനാണ് ആശാൻ

'സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം' - *നളിനി*

'സ്നേഹത്തിൽ നിന്നുദിക്കുന്നൂ-ലോകം
സ്നേഹത്താൽ വൃദ്ധി നേടുന്നു' - *ചണ്ഡാലഭിക്ഷുകി*

തുടങ്ങി ആശാന്റെ പരിശുദ്ധമായ പ്രേമഗാനം മറവിക്ക് പോലും മായ്ക്കാനാകാതെ മഹനീയ ശോഭവീശി പരിലസിക്കുന്നു.

ആധുനിക കവിത്രയത്തിലെ വള്ളത്തോൾ നാരായണമേനോൻ കവിതയുടെ മണിവീണ മീട്ടിയ കവിയാണ്. വള്ളത്തോളിനെ ശബ്ദസുന്ദരൻ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. സംഗീതബന്ധുരമായ വരികളാണ് വള്ളത്തോളിന്റേത്.

'ത്വംഗൻ മണിമയ കങ്കാണക്വാണമാം
മംഗല്യ സംഗീതം പൊങ്ങുംവണ്ണം' എന്നാണ് വള്ളത്തോൾ പാടിയത്.

'തേനൊലിപ്പഴങ്ങളും തൂമണം തുളുമ്പുന്ന
സൂനങ്ങൾ തോറും തത്തിക്കളിക്കും കുളിർക്കാറ്റും
മാനസം തെളിഞ്ഞുള്ള പക്ഷികളുടെ കള-
ഗാനവും ചേരും ലീലാരാമങ്ങൾ ചില ദിക്കിൽ"

"കാവ്യം സുഗേയം കഥ രാഘവീയം
കർത്താവു തുഞ്ചത്തുളവായ ദിവ്യൻ
ചൊല്ലുന്നതോ ഭക്തിമയസ്വരത്തിൽ
ആനന്ദലബ്ധിക്കിനിയെന്തുവേണം".

തുടങ്ങിയ വരികളിലെല്ലാം സംഗീതം തുളുമ്പുന്ന വള്ളത്തോൾശൈലി പ്രതിധ്വനിക്കുന്നു.

കവിത്രയത്തിലെ മറ്റൊരു കവിയായ ഉള്ളൂർ. എസ്. പരമേശ്വരയ്യരെ വിജയശ്രീലാളിതനായാണ് കവി കാണുന്നത്. കവി എന്ന നിലയിലും പണ്ഡിതൻ എന്ന നിലയിലും ഉള്ളൂർ വിജയലക്ഷ്മിയാൽ അനുഗ്രഹീതനാണ്. അദ്ദേഹത്തിന്റെ സാഹിത്യം വിപുലമാണ്. 'കേരളസാഹിത്യചരിത്രം' തന്നെ ഉദാഹരണം. ഉജ്ജ്വലശബ്ദാഢ്യനും ഉല്ലേഖഗായകനുമായ ഉള്ളൂരിനെ കവി ഭക്തിപൂർവം പ്രണമിക്കുന്നുണ്ട്.

'ഒരൊറ്റമതമുണ്ടുലകിന്നുയിരാം പ്രേമം;അതൊന്നല്ലൊ
പരക്കെ നമ്മെ പാലമൃതൂട്ടും പാർവണശശിബിംബം
ഭക്ത്യനുരാഗദയാദി വപുസ്സാപ്പരാത്മ ചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു'. - *പ്രേമസംഗീതം*

തുടങ്ങിയ വരികളെഴുതിയ ഉള്ളൂരിനെ പ്രതിഭയുടെ പ്രഭാവം എന്നാണ് വിശേഷിപ്പി

ച്ചിരിക്കുന്നത്. ആ മഹാപ്രതിഭയുടെ മുമ്പിൽ ഭക്തിപൂർവ്വം കൈകൂപ്പി നില്ക്കുകയാണ് മലയാള മനസ്സ്. മലനാടേ ജയിച്ചാലും എന്ന കവിതയിലൂടെ പ്രാചീന, നവീന കവിത്രയങ്ങളെയും അവരുടെ കാവ്യരീതികളെയും പരിചയപ്പെടുത്തുകയാണ് മലയാളത്തിന്റെ ഓർഫ്യൂസ് എന്നറിയപ്പെടുന്ന ചങ്ങമ്പുഴ.

**ഓർഫ്യൂസ്**

*ഗ്രീക്ക് പുരാണ കഥകളിലെ വീരനായകരിലൊരാളാണ് ഓർഫ്യൂസ്. ശബ്ദ മാന്ത്രികത്വം കൊണ്ട് ആരെയും ആകർഷിക്കാൻ കഴിവുള്ള ഉജ്ജ്വല ഗായകനും കവിയുമാണ് ഓർഫ്യൂസ്. അദ്ദേഹത്തിന്റെ നാദപ്രവാഹത്തിൽ മനുഷ്യരും മൃഗങ്ങളും പക്ഷികളും പ്രാണികളും മരങ്ങളും മാത്രമല്ല പുഴകളും പാറക്കല്ലുകൾ പോലും അലിഞ്ഞുപോയി. സംഗീതത്തിന്റെ ദേവനായ അപ്പോളോ ഒരു സ്വർണവീണയുണ്ടാക്കി അത് വായിക്കാൻ പഠിപ്പിച്ചു. ആ മാസ്മരിക വീണയുമായി പ്രപഞ്ചത്തിലെ എല്ലാ ചരാചരങ്ങളുടെയും ആത്മാവ് തൊട്ട് ഓർഫ്യൂസ് പാടിക്കൊണ്ടിരുന്നു. ഓർഫ്യൂസിന്റെ ഭാര്യയാണ് യൂറിഡൈസ്. അവർ വളരെ സ്നേഹത്തോടെയാണ് ജീവിച്ചിരുന്നത്. അങ്ങനെയിരിക്കെ ഒരിക്കൽ യൂറിഡൈസിനെ ഉഗ്രവിഷമുള്ള ഒരു സർപ്പം കടിച്ചു. അവർ തൽക്ഷണം മരിക്കുകയും ചെയ്തു.*

*ഭാര്യയുടെ അകാലവേർപാടിൽ മനംനൊന്ത് ഓർഫ്യൂസ് വീണമീട്ടി വിഷാദഗാനങ്ങൾ പാടിക്കൊണ്ടിരുന്നു. ഈ ഗാനങ്ങൾ കേട്ട് ദേവന്മാരും മാലാഖമാരുമെല്ലാം കരഞ്ഞുപോയി. അവർ നരകത്തിൽ ചെന്ന് മരണ ദേവന്റെ മുമ്പിൽ പാട്ടുപാടാൻ ഓർഫിയൂസിനെ ഉപദേശിച്ചു. ഓർഫ്യൂസ് നരകത്തിലെത്തി കരളുരുകി പാടി. ഒടുക്കം മരണദേവന്റെ ഹൃദയമലിഞ്ഞു. അദ്ദേഹം യൂറിഡൈസിനെ ഓർഫ്യൂസിന്റെ കൂടെ വിട്ടയയ്ക്കാൻ അനുവാദം നൽകി. പക്ഷെ ഒരു കരാറുണ്ട്. ഓർഫിയൂസ് മുന്നിൽ നടക്കണം. ഭൂമിയിലെത്തുന്നതുവരെ തിരിഞ്ഞുനോക്കാൻ പാടില്ല. ഓർഫ്യൂസ് മുന്നിൽ നടന്നു. അദ്ദേഹം ഭൂമിയിൽ എത്തി. എന്നാൽ അത്യധികമായ ആകാംക്ഷകൊണ്ട് ഓർഫ്യൂസ് തിരിഞ്ഞുനോക്കിപ്പോയി. കരാർ മറന്നു. നിമിഷങ്ങൾക്കുള്ളിൽ അവൾ അപ്രത്യക്ഷയായി.*

## പ്രവർത്തനത്തിലൂടെ

- പ്രാരംഭ പ്രവർത്തനത്തിനു ശേഷം മലയാളനാടുമായി ബന്ധപ്പെട്ട കവിതകളും ചില ഗാനങ്ങളും ശേഖരിക്കാൻ കുട്ടികൾക്ക് മുൻകൂട്ടി നിർദേശം നൽകണം.
- കുട്ടികൾ ശേഖരിച്ച പാട്ടുകൾ അവതരിപ്പിക്കാൻ അവസരം

  ഉദാഹരണം :

  - 'കേരളം കേരളം കേളികൊട്ടുയരുന്ന കേരളം
    കേളീകദംബം പൂക്കും കേരളം'
  - 'സഹ്യസാനു ശ്രുതിചേർത്തുവച്ച
    മണിവീണയാണെന്റെ കേരളം
    നീലസാഗരമതിന്റെ തന്ത്രിയി-
    ലുണർത്തിടുന്നു സ്വരസാന്ത്വനം'
- 'മലയാള നാടേ ജയിച്ചാലും' ഗ്രൂപ്പിൽ വായിക്കാൻ അവസരം നൽകുന്നു. ഇഷ്ട പ്പെട്ട ഭാഗം അവർ കണ്ടെത്തണം എന്തുകൊണ്ട് ഇഷ്ടപ്പെട്ടു എന്നും പറയണം.
- ഓരോ ഗ്രൂപ്പും അവർ ഇഷ്ടപ്പെട്ട ഭാഗം ചൊല്ലി അവതരിപ്പിക്കുന്നു.
- ഒട്ടും അവതരിപ്പിക്കാത്ത ഭാഗമുണ്ടെങ്കിൽ താൽപ്പര്യമുള്ള ഗ്രൂപ്പിന് നൽകി അവതരിപ്പിക്കാൻ അവസരം നൽകുന്നു.



### വായിക്കാം കണ്ടെത്താം

- ഗ്രൂപ്പിൽ വായന. ഈണം കണ്ടെത്തൽ
- ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു
- ഓരോ ഗ്രൂപ്പിന്റെയും അവതരണത്തെക്കുറിച്ച് അഭിപ്രായം പറയണം

  * മികവുകൾ എന്തൊക്കെ ?
  * മെച്ചപ്പെടുത്തേണ്ടതെന്തെല്ലാം ?

- ഏറ്റവും നന്നായി അവതരിപ്പിച്ച ഗ്രൂപ്പിനെ നാലു ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ കുട്ടിയടങ്ങിയ സംഘം കണ്ടെത്തിപറയട്ടെ
- മികച്ചതായി കണ്ടെത്തിയതിനുള്ള കാരണ ങ്ങളും വിശദീകരിക്കണം.

  - ഈണം
  - താളം
  - ഭാവം
  - അംഗങ്ങൾ തമ്മിലുള്ള യോജിപ്പ്
  - ശബ്ദ സൗന്ദര്യം
  -

*ഗ്രൂപ്പിന്റെ അവതരണം വിലയിരുത്തി രേഖപ്പെടുത്തണം*

## വായിക്കാം കണ്ടെത്താം

- ആലാപനത്തിനു ശേഷം ആശയഗ്രഹണത്തിനുതകുന്ന ചോദ്യങ്ങൾ ചാർട്ടിലോ/ സ്ലൈഡ് പ്രദർശനത്തിലോ അവതരിപ്പിക്കുന്നു.
  - ❋ കേരളത്തെ മലയാളനാട് എന്നു കവി വിളിക്കുന്നത് എന്തുകൊണ്ടാവാം ?
  - ❋ ഏതൊക്കെ കവിതകളെക്കുറിച്ചാണ് പാഠഭാഗത്ത് സൂചനകളുള്ളത് ?
  - ❋ പച്ചത്തത്തമ്മ കൂടുകൂട്ടിയത് എവിടെയാണ് ? എപ്പോൾ?
  - ❋ ഭക്തിപൂർവം നിന്റെ മുമ്പിൽ നമിക്കുകയാണ് തങ്ങളെന്ന് കവി പറയുന്നു. ആരുടെ മുമ്പിൽ ?
- കവിത വായിച്ച് (അതേ ഗ്രൂപ്പിൽ ചോദ്യങ്ങളോടുള്ള കുട്ടികളുടെ പ്രതികരണം നോട്ടിൽ കുറിക്കുക)
- അവതരണവും പങ്കുവയ്ക്കലും
- മെച്ചപ്പെടുത്തൽ

*അധ്യാപിക ഓരോ ഗ്രൂപ്പിന്റെയും പ്രവർത്തനം വിലയിരുത്തി ആവശ്യമായ പിന്തുണയും നൽകണം. മികച്ചരീതിയിൽ അവതരിപ്പിക്കുന്ന ഗ്രൂപ്പിന്റെ പ്രകടനം ടി.എം.ൽ രേഖപ്പെടുത്തണം.*

## ആഴത്തിലുള്ള വായനയിലേക്ക്

- നാടിന്റെ സവിശേഷതകൾ കണ്ടെത്തൽ -ലഘു ചർച്ച
  - ❋ നമ്മുടെ നാടിന്റെ എന്തെല്ലാം സവിശേഷതകളാണ് നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ?
- കുട്ടി പദസൂര്യനിൽ എഴുതട്ടെ




- നിങ്ങൾ കണ്ടെത്താത്ത മറ്റേതെല്ലാം കാര്യങ്ങൾ കവിതയിലുണ്ട്?
- കവിത വായിച്ച് പദസൂര്യൻ വികസിപ്പിക്കട്ടെ
- മറ്റൊരു നിറമുള്ള പേനകൊണ്ട് എഴുതാം.

- തുടർന്ന് പ്രവർത്തന ഭാഗത്ത് പറഞ്ഞ ഗാനശകലങ്ങൾ വായിക്കാൻ അവസരം ചൊല്ലി അവതരിപ്പിക്കാം.
- കേരളത്തിന്റെ സവിശേഷതൾ ഈ കവിതയിൽ നിന്ന് കണ്ടെത്തുക
- പദസൂര്യനിൽ കൂട്ടിച്ചേർക്കട്ടെ; ഒരു വൃത്തത്തിനുള്ളിൽ ആവാം.
- ആവശ്യമായ സഹായങ്ങൾ നൽകുന്നു.
  - മരതകപ്പട്ടുടത്ത് - പച്ചപ്പട്ടുടത്ത് (കേരളത്തിന്റെ പ്രകൃതിഭംഗി)
  - കേളികൊട്ടുയരുക - കഥകളിയുടെ ചടങ്ങ് (കഥകളിയുടെ നാട്)
- ചർച്ചയ്ക്കൊടുവിൽ 'മലയാളം എന്റെനാട്' എന്ന വിഷയത്തിൽ ഒരു കുറിപ്പ് തയാറാക്കാൻ നിർദ്ദേശിക്കുന്നു.
- ഏതാനുംപേരുടെ അവതരണം
- പൊതുചർച്ച
  - ആശയം എല്ലാം വന്നുവോ ?
  - ഇനിയും കൂട്ടിച്ചേർക്കേണ്ടതെന്തെല്ലാം ?
  - ചുരുക്കി പ്രതിപാദിച്ചിട്ടുണ്ടോ ?
  - പദപ്രയോഗങ്ങൾ - വാദ്യഘടന എന്നിവയുടെ പ്രത്യേകതകൾ ?
- മെച്ചപ്പെടുത്തൽ
- വിലയിരുത്തൽ
- പോർട്ടുഫോളിയോയിലേക്ക്

## കവിതയിൽ പറയുന്ന കവിശ്രേഷ്ഠർ

- മലയാളനാടേ ജയിച്ചാലും എന്ന കവിതയിൽ പരാമർശിക്കുന്ന കവികളാരെല്ലാം?
- കവിതാ വായനയും കണ്ടെത്തലും
  - ഇതിൽ 'ഫലിതത്തിൽ തൈലം പകർന്നു കുഞ്ചൻ നിലവിളക്കൊന്നു കൊളുത്തിവെച്ചു' എന്ന് പറഞ്ഞത് ആരെക്കുറിച്ച്?
  - കവിയുടെ എന്തെല്ലാം സവിശേഷതകൾ ഇവിടെ പരാമർശിക്കുന്നു ?



- മറ്റു കവികളെക്കുറിച്ചും ഇതുപോലെ തയാറാക്കൂ
  - ചെറുശ്ശേരി
  - എഴുത്തച്ഛൻ
  - ആശാൻ
  - ഉള്ളൂർ
  - വള്ളത്തോൾ



## ജീവചരിത്രക്കുറിച്ച് തയാറാക്കാം

- തുടർന്ന് കുഞ്ചൻ നമ്പ്യാരുടെ ജീവചരിത്രക്കുറിപ്പ് തയാറാക്കാം എന്ന പ്രവർത്തനത്തിലേക്ക് പോകാവുന്നതാണ്.
- ചർച്ച
  - * നമ്പ്യാരെക്കുറിച്ച് പാഠഭാഗത്ത് നിന്ന് മനസ്സിലാക്കിയ കാര്യങ്ങൾ എന്തെല്ലാം ?
- നേരത്തെ തയാറാക്കിയ ആശയപടത്തിന്റെ സഹായത്തോടെ കുട്ടികൾ പറയട്ടെ
- ഓരോ കുട്ടിക്കായി അവസരം നൽകണം
- ക്ലാസിൽ നടക്കുന്ന ചർച്ചയുടെ ഭാഗമായി ലഭിച്ച കാര്യങ്ങൾ ഓർത്തെടുത്ത് നോട്ടുബുക്കിൽ കുറിക്കാൻ അവസരം
- പുസ്തകങ്ങൾ വായിച്ച് മനസ്സിലാക്കിയ വിവരങ്ങൾ നോട്ടുബുക്കിൽ കുറിച്ച് അവതരിപ്പിക്കാൻ അവസരം
- ഓരോ കുട്ടി അവതരിപ്പിക്കുമ്പോഴും മറ്റു കുട്ടികൾ ആവശ്യമായ വിവരങ്ങൾ നോട്ടുബുക്കുകളിൽ കുറിക്കണം.

> **ക്ലാസ്ലൈബ്രറി**
>
> *ജൂൺ 19 വായനാദിനത്തോട് അനുബന്ധിച്ച് തന്നെ ക്ലാസ് ലൈബ്രറി തുടങ്ങണം.*
>
> *ചെറുശ്ശേരി, എഴുത്തച്ഛൻ, നമ്പ്യാർ, ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരെ കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാൻ ആവശ്യമായ പുസ്തകങ്ങൾ വായനയ്ക്ക് നൽകണം.*
>
> *തുടർന്ന് വരുന്ന മാസങ്ങളിൽ അതത് യൂനിറ്റുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് വായിക്കാൻ പറ്റുന്ന പുസ്തകങ്ങൾ ഒരുക്കുമല്ലോ.*

- ജീവചരിത്രക്കുറിപ്പ് - വ്യാക്തിഗത രചന
- ഏതാനും കുട്ടികൾ അവതരിപ്പിക്കുന്നു.
- അവതരണത്തിനു ശേഷം ജീവചരിത്രക്കുറിപ്പിൽ എന്തെല്ലാം?

ചർച്ചയിലൂടെ സൂചകങ്ങൾ രൂപീകരിക്കുന്നു
  - ജനനം, മതാപിതാക്കൾ
  - ബാല്യം
  - വിദ്യാഭ്യാസം
  - ഇടപെട്ട് പ്രവർത്തിച്ച പ്രധാന മേഖല
  - സ്വാധീനിച്ച വ്യക്തികൾ
  - നേട്ടങ്ങൾ/സാഹിത്യ സംഭാവനകൾ
  - ..........................

- ഗ്രൂപ്പിൽ വായിച്ചവതരണം മെച്ചപ്പെടുത്തേണ്ടതെന്തെല്ലാം
- ചർച്ച
- ചില മാതൃകകൾ പരിചയപ്പെടാൻ ഗ്രൂപ്പിൽ നൽകുന്നു.
- ഓരോ കുട്ടിയും മെച്ചപ്പെടുത്തി എഴുതുന്നു
- ഗ്രൂപ്പിൽ വായന
- മികച്ച അവതരണം
- പതിപ്പിലേക്ക്
- പ്രകാശനം
- കാവ്യഭാഗത്ത് പരാമർശിക്കപ്പെട്ട മറ്റുകവികളുടെ ജീവചരിത്രക്കുറിപ്പുകൾ കുട്ടികൾ സ്വയം എഴുതട്ടെ. ഓരോ ഗ്രൂപ്പും അവരവരുടെ രചനകൾ ചാർട്ടിൽ ഒട്ടിച്ച് ക്ലാസിൽ അവതരിപ്പിക്കട്ടെ

> *ഓരോ കുട്ടിയുടെയും അവതരണം സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മറ്റ് കുട്ടികൾ വിലയിരുത്തട്ടെ.*

> *ജീവചരിത്രക്കുറിപ്പിന്റെ പ്രക്രിയാഘട്ടങ്ങളും ഉത്പന്നവും അധ്യാപിക വിലയിരുത്തണം.*



## പദച്ചേരുവകൾ കണ്ടെത്താം

- ഒന്നോ രണ്ടോ പദച്ചേരുവകൾ അവതരിപ്പിക്കുന്നു

  ഉദാ: കവികോകിലങ്ങൾ
- ചർച്ച
  - ഇതിനെ എങ്ങനെ രണ്ടുപദങ്ങളാക്കിപ്പറയാം?
    - കവി - കോകിലങ്ങൾ
  - കവികളെ കോകിലങ്ങളായി പറയുന്നതിലെ സവിശേഷത എന്തെല്ലാം?
    - കോകിലം-കുയിൽ
    - മനോഹരമായി പാടുന്നവർ
    - കവികൾ മനോഹരമായി കവിതകൾ രചിക്കുന്നവരും പാടുന്നവരുമാണ്.
- കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗം വായിച്ച് കണ്ടെത്തുന്നു
- ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു
- അവതരണം
- തുടർന്ന് - 'പദച്ചേരുവുകൾ നിർമ്മിക്കാം' എന്ന പ്രവർത്തനം കുട്ടികൾ സ്വന്തമായി ചെയ്യട്ടെ



## കാവ്യഭാഗങ്ങൾ സംഘമായി ചൊല്ലിയവതരിപ്പിക്കൽ

- കുട്ടികൾക്ക് കാവ്യഭാഗങ്ങൾ രസകരമായി സ്വന്തമായും സംഘമായും ആലപിക്കാനുള്ള പ്രവർത്തനമാണ് ഇത്.
- പാഠപുസ്തകത്തിലെ കാവ്യഭാഗങ്ങൾ ഗ്രൂപ്പിൽ വായന

- ഈണം കണ്ടെത്തൽ
- ഗ്രൂപ്പ് അവതരണം
- നേരത്തെ രൂപീകരിച്ച സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പൊതുചർച്ച
- കൂടുതൽ കാവ്യഭാഗങ്ങൾ കണ്ടെത്തി ഉചിത സന്ദർഭത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.
    - പരിസ്ഥിതിദിനം
    - ചങ്ങമ്പുഴയുടെ ചരമദിനം
    - ജി. ശങ്കരക്കുറുപ്പിന്റെ ചരമദിനം

*കുട്ടികളുടെ പ്രകടനം*
*അധ്യാപിക*
*വിലയിരുത്തണം:*
- *പങ്കാളിത്തം*
- *ഭാവത്തിനിണങ്ങിയ ഈണം*
- *അക്ഷരസ്ഫുടത*
- *ആശയവ്യക്തത*

## 4.1.2 പാത്തുമ്മായുടെ ആട്

മലയാളഭാഷയ്ക്കും സാഹിത്യത്തിനും കനപ്പെട്ട സംഭാവനകൾ നൽകിയ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. ജീവിതഗന്ധിയായ നിരവധി പ്രമേയങ്ങൾ അദ്ദേഹത്തിന്റെ രചനകൾക്ക് വിഷയമായി തീർന്നിട്ടുണ്ട്. നിഷ്കളങ്കരായ ഗ്രാമീണരുടെ നർമ്മവിഷാദഭാവങ്ങൾ അവരുടെ ഭാഷയ്ക്കിണങ്ങും വിധം അദ്ദേഹം തന്റെ രചനകളിൽ ആവിഷ്കരിച്ചിരിക്കുന്നു.

സ്വന്തം കുടുംബത്തിന്റെ പശ്ചാത്തലത്തിൽ വികസിച്ച് വരുന്ന ഒരു ലഘുനോവലാണ് 'പാത്തുമ്മായുടെ ആട്'. ഇതിലെ കേന്ദ്രകഥാപാത്രവും ഈ ആടു തന്നെ. അതേസമയം അത് കഥാകാരനും അദ്ദേഹത്തിന്റെ ഉമ്മയും സഹോദരന്മാരും സഹോദരിമാരും അവരുടെ മക്കളും ഒക്കെ അടങ്ങിയ കുടുംബത്തിന്റെ ഊഷ്മളമായ സ്നേഹബന്ധത്തിന്റെ കഥ കൂടിയാവുന്നു. അവിടെ കൊച്ചുകൊച്ചു ഇണക്കങ്ങളും പിണക്കളും ഇല്ലാതില്ല. മാനുഷികമായ ചാപല്യങ്ങളെക്കുറിച്ച് പച്ചയ്ക്ക് പറയാൻ കഥാകാരന് ഒട്ടും മടിയുമില്ല. നാടൻ സ്ത്രീകളുടെ നിഷ്കളങ്കത, അവരുടെ ജീവിതരീതി എന്നിവ സ്വന്തം ഉമ്മയിലൂടെയും സഹോദരിമാരിലൂടെയും നമുക്ക് മുന്നിൽ അദ്ദേഹം തുറന്നിടുന്നു. നിരവധി പ്രാരബ്ധങ്ങൾ കൊണ്ട് ജീവിതം ഉന്തിത്തള്ളി മുന്നോട്ട് പോവുമ്പോഴും അവർ പുലർത്തിവന്ന പരസ്പര വിശ്വാസവും സ്നേഹവും അവരുടെ ജീവിതത്തിന്റെ കരുത്തായി എങ്ങനെ മാറുന്നുവെന്നും ഈ നോവൽ നമുക്ക് കാണിച്ചുതരുന്നു.

പ്രകൃതിദർശനത്തിന്റെ മറ്റൊരു പാഠമായി ഈ നോവൽ മാറുന്നു. ഒരു ആട് എങ്ങനെയാണ് കുടുംബത്തിലൊരാളായി എല്ലാ കാര്യങ്ങളിലും ഇടപെട്ട് നിരവധി പൊല്ലാപ്പുകൾ ഉണ്ടാക്കുന്നുവെന്നും, അപ്പോഴും എങ്ങനെ കുടുംബത്തിലെ എല്ലാവരുടെയും സ്നേഹവും പരിഗണനയും പിടിച്ചുപറ്റുന്നുവെന്നും സൂക്ഷ്മവും രസക

രവുമായി കഥാകാരൻ നമ്മോട് പറയുന്നു. ലളിതവും മനോഹരവുമായ നാട്ടുപദങ്ങളും പ്രയോഗങ്ങളും നിറഞ്ഞ ആഖ്യാനമാണ് ഇതിന്റെ മറ്റൊരു സവിശേഷത.

ഈ നോവലിലെ ഒരു ഭാഗമാണ് പാഠത്തിൽ കൊടുത്തിട്ടുള്ളത്. ഇതിലൂടെ ബഷീറിന്റെ കഥകളും ചെറുനോവലുകളും വായിച്ച് ആസ്വദിക്കാനും അതുവഴി മറ്റ് ഉൽകൃഷ്ട സാഹിത്യരചനകളിൽ കുട്ടികൾക്ക് താൽപര്യം ജനിക്കാനും അവസരമൊരുക്കണം.

## പ്രവർത്തനത്തിലൂടെ

### വായനയിലേക്ക്

- ബഷീർ കഥാപാത്രങ്ങളുടെ താഴെ കൊടുത്ത രേഖാചിത്രം കോപ്പിയെടുത്ത് അധ്യാപിക ചാർട്ടിൽ ഒട്ടിച്ച് പ്രദർശിപ്പിക്കുന്നു.



- ചില ചോദ്യങ്ങളിലൂടെ രേഖാചിത്രങ്ങളിലേക്ക്.
  - ഇത് ആരുടെ കഥാപാത്രങ്ങളാണ്?
  - ഏതെല്ലാം കഥാപാത്രങ്ങളാണെന്ന് പറയാമോ?
  - ഏതു കൃതിയിൽ?
  - ബഷീറിന്റെ ഏതെങ്കിലും കഥ വായിച്ചിട്ടുണ്ടോ? മുമ്പ് കേട്ടിട്ടുണ്ടോ?
- ചർച്ചയിലൂടെ കുട്ടികളെ പാഠഭാഗത്തേക്ക് നയിക്കണം.
- പാഠഭാഗം വായന (വ്യക്തിഗത മൗനവായന)
- കഥയെ അഞ്ച് ഭാഗങ്ങളായി അധ്യാപിക തിരിക്കുന്നു. അഞ്ചു ഗ്രൂപ്പുകൾ നൽകണം.

ഭാഗം 1. 'പാത്തുമ്മായുടെ ആടിന്റെ മേട്.................... ചീത്ത പറയുന്നു.' എന്നതുവരെ
ഭാഗം 2. 'ഉള്ളോടത്തിപ്പാറൂ........ കീശയിലുള്ളത് കീശയോടെ തിന്നു.' എന്നതുവരെ
ഭാഗം 3. 'അബി പറഞ്ഞു.......................... കരയ്ക്ക് നിർത്തി.' എന്നതുവരെ
ഭാഗം 4. 'എന്നിട്ടു മുങ്ങാങ്കുഴിയിട്ടും ................. അവനൊന്നുമില്ല.' എന്നതുവരെ
ഭാഗം 5. 'ഞാൻ ചോദിച്ചു.................... രണ്ടു മുത്തേ ഉള്ളൂ.' എന്നതുവരെ

- കിട്ടിയ ഭാഗം വായിച്ച് ഓരോ ഗ്രൂപ്പും അവർക്കിഷ്ടപ്പെട്ട ഭാഗം നിശ്ചലദൃശ്യമായി അവതരിപ്പിക്കണം.
- ഗ്രൂപ്പവതരണം (ഒരുങ്ങാനും അവതരിപ്പിക്കാനും ആകെ പതിനഞ്ച് മിനിട്ട്)
- ഗ്രൂപ്പവതരണം കുട്ടികൾ പരസ്പരം വിലയിരുത്തട്ടെ.
  - ഏതു ഗ്രൂപ്പാണ് നന്നായി അവതരിപ്പിച്ചത്?
  - എന്തുകൊണ്ട്?
- വിലയിരുത്തുമ്പോൾ ശ്രദ്ധിക്കേണ്ടത്
  - ആശയം വിനിമയം ചെയ്യൽ
  - മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം
  - സ്വാഭാവികത

*അധ്യാപിക തന്റെ വിലയിരുത്തൽ ടീച്ചിംങ് മാന്വലിൽ രേഖപ്പെടുത്തണം.*

## വായിക്കാം കണ്ടെത്താം

- ആശയഗ്രഹണത്തിന് സഹായിക്കുന്ന ചോദ്യങ്ങളാണ് ഇവിടെ നൽകിയിട്ടുള്ളത്. ഇവ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.
- പാഠഭാഗം ഒന്നുകൂടി വായിച്ച് കുട്ടികളുടെ പ്രതികരണം അവർ നോട്ട് പുസ്തകത്തിൽ കുറിക്കട്ടെ.
- രണ്ടുപേരടങ്ങിയ ഗ്രൂപ്പിൽ വായിച്ച് ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു.
- ഏതാനും പേരുടെ അവതരണം.
- മെച്ചപ്പെടുത്തൽ.

## ആഴത്തിലുള്ള വായനയിലേക്ക്

- ഗ്രാമക്കാഴ്ചകൾ കണ്ടെത്താം
- ബഷീർ കൃതികൾ കുട്ടികൾ പറയുന്നു.
  - പാത്തുമ്മായുടെ ആട്
  - ബാല്യകാല സഖി
  - മതിലുകൾ
  - ശബ്ദങ്ങൾ
  - ഭൂമിയുടെ അവകാശികൾ

- ഇതിന്റെ അടിസ്ഥാനത്തിൽ ക്ലാസിനെ അഞ്ച് ഗ്രൂപ്പുകളായി തിരിക്കാം.
- ഗ്രൂപ്പിൽ പാഠഭാഗത്ത് പരാമർശിച്ച ഗ്രാമക്കാഴ്ചകൾ കണ്ടെത്താൻ പറയാം.
- ഗ്രൂപ്പിൽ പാഠഭാഗം ഉറക്കെ വായന (എല്ലാകുട്ടികൾക്കും അവസരം ഉറപ്പാക്കണം)
- ഗ്രാമക്കാഴ്ചകൾ കണ്ടെത്തൽ
- അവതരണം.

ചർച്ച

ചർച്ചാ ചോദ്യങ്ങൾ →

? എന്തുകൊണ്ട് ഇവ ഗ്രാമക്കാഴ്ചകളാകുന്നു?

? ഇത്തരം കാഴ്ചകൾ ഇന്നും കാണാൻ കഴിയുന്നുണ്ടോ?

? എന്തുകൊണ്ട്?

*ക്രോഡീകരണം*

**ഗ്രാമീണകാഴ്ചകൾ**

- തലയിലും ദേഹത്തും എണ്ണ തേച്ച് ലങ്കോട്ടി കെട്ടി കസർത്തുചെയ്യുന്ന ബഷീറിന്റെ ചിത്രം.
- മുങ്ങാങ്കുഴിയിട്ടും പതച്ചും ഉള്ള നദിയിലെ കുളി
- തള്ള വിരലുകൾ വായിലിട്ട് നുണഞ്ഞു കൊണ്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ ചിത്രം.
- ആടുവളർത്തൽ

**ഇവ കുറയാനുള്ള കാരണം.**

- ഗ്രാമീണർക്ക് താൽപര്യം കുറയുന്നു.
- നദിയിൽ വെള്ളം ഇല്ലാതാവുന്നു.
- മണൽ വാരൽ നിമിത്തം നദിയിലെ കുളി സുരക്ഷിതമല്ലാതാവുന്നു.
- വനനശീകരണം
- ഗ്രാമങ്ങളിലും നഗരാഭിമുഖ്യം.
- ആട്, പൂച്ച, നായ, പശു വളർത്തൽ കുറഞ്ഞുപോകുന്നു.

- ചർച്ചയ്ക്കു ശേഷം കുട്ടികൾ കുറിപ്പ് തയ്യാറാക്കണം. അവതരണവും ചർച്ചയും മെച്ചപ്പെടുത്തലും നടത്താം.

*ചർച്ചാക്കുറിപ്പ് വിലയിരുത്തണം. മെച്ചപ്പെടുത്തനാവശ്യമായ നിർദ്ദേശങ്ങൾ കുറിക്കണം*

### പാത്തുമ്മായുടെ ആടിനെകുറിച്ച് കൂടുതലെന്തെല്ലാം അറിയാം?

- അധികവായനയിലേക്ക് –
  പാത്തുമ്മായുടെ ആട് എന്ന പാഠഭാഗത്തിനൊടുവിലെ പ്രവർത്തനഭാഗത്ത് നൽകിയ വായനാഭാഗം ('ഇതാരുടെ ആട്........... അതാണല്ലോ ഇതിനിത്ര സ്വാതന്ത്ര്യം')
- വ്യക്തിഗത വായന
  - ✦ ആടിന്റെ രൂപം
  - ✦ ആടിന്റെ പെരുമാറ്റം
  - ✦ വീട്ടിലെ സ്വാതന്ത്ര്യം.
  - ✦ ആടിനോടുള്ള സ്നേഹം
  - ✦ ഓമനത്തം

  ഇവ കുട്ടികൾ കണ്ടെത്തണം.
- അവതരണം.
- ചർച്ച.
- പാത്തുമ്മായുടെ ആട് – കൃതി പരിചയപ്പെടുത്തൽ
  - ◈ പാത്തുമ്മായുടെ ആട് പൂർണ്ണ കൃതി പരിചയപ്പെടുത്തൽ (അധ്യാപിക)
  - ◈ ഇതിന്റെ തുടക്കം ഒടുക്കം, പ്രസക്ത ഭാഗങ്ങൾ വായിച്ച് കൊടുക്കണം.
  - ◈ താൽപര്യമുള്ള കുട്ടികൾക്ക് ലൈബ്രറിയിൽനിന്ന് പുസ്തകങ്ങൾ നൽകി പാത്തുമ്മയുടെ ആട് മുഴുവൻ വായിക്കാൻ പ്രോത്സാഹനം നൽകണം.
- തുടർന്ന് ആടിനെക്കുറിച്ചുള്ള വിവരണം തയ്യാറാക്കുന്നതിലേക്ക് നയിക്കണം
- നേരത്തെ നടന്ന ചർച്ചകളുടെയും വായനയുടെയും അടിസ്ഥാനത്തിൽ വിവരണം തയ്യാറാക്കട്ടെ.
- ഗ്രൂപ്പിൽ വായച്ചവതരിപ്പിക്കണം.
- മികച്ചത് അവതരിപ്പിക്കുന്നു
- ഏതാണ് ഏറ്റവും നന്നായത്? എന്തുകൊണ്ട്?
- പൊതു ചർച്ചയുടെ അടിസ്ഥാനത്തിൽ സൂചകം രൂപീകരിക്കുന്നു.
  - ◈ ആശയങ്ങൾ തുടർച്ചയായി അവതരിപ്പിച്ചിട്ടുണ്ട്.
  - ◈ സംക്ഷിപ്തത.
  - ◈ ഉചിത പദങ്ങൾ, പ്രയോഗങ്ങൾ
  - ◈ ഖണ്ഡികാകരണം.
- മെച്ചപ്പെടുത്തിയെടുക്കൽ
- പോർട്ട്ഫോളിയോവിലേക്ക്.

### നാടകം തയാറാക്കാം

- നിശ്ചല ദൃശ്യം അവതരിപ്പിച്ച് കുട്ടികളുടെ ഗ്രൂപ്പ് ഒത്തുചേരണം. (5 ഗ്രൂപ്പ്)

- കഥാവായന
- നാടകീയ മുഹൂർത്തങ്ങൾ കണ്ടെത്തൽ
    - ✦ രംഗവിഭജനം (ആവശ്യമെങ്കിൽ)
    - ✦ സംഭാഷണം തയാറാക്കൽ
    - ✦ മറ്റുത്തരവാദിത്തങ്ങൾ
        - ◈ സംവിധാനം
        - ◈ രംഗ സജ്ജീകരണം.
- നാടകാവതരണം.
- വിലയിരുത്തൽ (ഗ്രൂപ്പുകൾ തമ്മിൽ)
    - ✦ പങ്കാളിത്തം
    - ✦ അഭിനയം
    - ✦ സംഭാഷണം
    - ✦ വേഷവിധാനം
- മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ പങ്കുവെക്കൽ
- ബഷീർ ചരമദിനം (ജൂലൈ 5) സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ മികച്ചത് അവതരിപ്പിക്കണം.

*രചനയും അവതരണവും അധ്യാപിക വിലയിരുത്തി രേഖപ്പെടുത്തണം*



## കഥാസന്ദർഭത്തെ ഹൃദ്യമാക്കുന്ന പ്രയോഗങ്ങൾ

- പ്രവർത്തനഭാഗത്ത് നൽകിയ ഉദാഹരണങ്ങൾ - ചർച്ച
    - ✳ മുള്ളണത് കണ്ടില്ല . മുള്ളണത് കണ്ടില്ല സന്ദർഭത്തിൽ ആവർത്തിച്ച് വരുമ്പോഴുണ്ടാകുന്ന ഭംഗി, ഇവ ശ്രദ്ധയിൽ കൊണ്ടുവരണം.
    - ✳ ഇതുപോലെത്തന്നെ കൊമ്പേപ്പിടി വാലേപ്പിടി എന്നതിന്റെ ആവർത്തിച്ച പ്രയോഗത്തിന്റെ സവിശേഷത ചർച്ചയിൽ വരണം.
        - ♦ ഗ്രാമ്യപദം
        - ♦ സംഭാഷണസന്ദർഭത്തിലെ ഭംഗി
        - ♦ മറ്റുള്ളവ (അന്തം വിട്ടു നിൽക്കുക, കസർത്തു മുഴുമിപ്പിച്ചു, ......)

## റഫറൻസ്


- ആടും മനുഷ്യനും - എം.എ. റഹ്മാൻ
- നൂറു ബഷീർ - അംബികാസുതൻ മാങ്ങാട്
- ബഷീർ ദ മാൻ (ഡോക്യുമെന്ററി) - എം.എ. റഹ്മാൻ

# 4.1.3 കോയസ്സൻ

ലളിതവും സുന്ദരവുമായ ഭാഷയ്ക്കുടമയാണ് ഉറൂബ്. നാട്ടിൻ പുറത്തിന്റെ നന്മ കളും നഗരത്തിന്റെ സങ്കീർണതകളും അദ്ദേഹം ആ ഭാഷയിലൂടെ വരച്ചിട്ടു. ചുറ്റും നീങ്ങുകയും ഞരങ്ങുകയും ചെയ്യുന്ന നിഷ്കളങ്കരുടെ ഹൃദയമാണ് അദ്ദേഹം നമുക്ക് മുമ്പിൽ കൂടുതലും തുറന്നിട്ടത്. തന്റെ ജന്മനാടായ പൊന്നാനിയിലെ പരിസരത്തെയും നാനാതരം മനുഷ്യർ അദ്ദേഹത്തിന്റെ തൂലികത്തുമ്പിലൂടെ ജീവൻതുടിക്കുന്ന കഥാ പാത്രങ്ങളായി മാറി. മിക്ക കഥകളിലും നോവലുകളിലും ഏറനാടൻ തെളിമ വ്യാ പിച്ചുകിടക്കുന്നുമുണ്ട്. ഒട്ടും സംശയമില്ലാതെ പറയാം, കറയില്ലാത്ത മനുഷ്യസ്നേ ഹമാണ് ഉറൂബിന്റെ കഥാലോകം.

സവിശേഷവ്യക്തിത്വമുള്ള കഥാപാത്രങ്ങളെ സൃഷ്ടിക്കുക മാത്രമല്ല, അവരെ തികച്ചും സാമൂഹികനന്മയുടെ ഭാഗമാക്കാനും ഉറൂബ് ഉദ്യമിച്ചു. പ്രസന്നമായ അന്ത രീക്ഷമാണ് അതു വിനിമയം ചെയ്യുന്നത്. പഴയ കാലത്തെയും നാട്ടുനന്മകളെയും നമുക്ക് വീണ്ടും കാണണമെന്നുണ്ടെങ്കിൽ ആ കഥകളിലേക്കൊന്നു കണ്ണോടിച്ചാൽ മതി. അത്തരമൊരു പഴയ കാലവും പുതിയ കാലത്തിന്റെ കുതിച്ചുവരവും ഹൃദ്യ മായി ആവിഷ്കരിച്ച ചെറുകഥയാണ് ഉറൂബിന്റെ 'കോയസ്സൻ'. കോയസ്സൻ എന്ന കുതിരവണ്ടിക്കാരന്റെ ജീവിതമാണ്; യജമാനപുത്രനായ അപ്പുവുമായുള്ള അതിസു ന്ദരമായ സൗഹൃദവും.

അപ്പു അംഗമായ ആ സമ്പന്ന തറവാട്ടിലെ വല്യച്ഛന്റെ ഭൃത്യനും കുതിരക്കാരനു മാണയാൾ. അവിടെ എന്തിനുമേതിനും കോയസ്സൻതന്നെ വേണം. എന്തും അയാൾ നിർവ്വഹിച്ചാലേ ഭംഗിയാവൂ എന്നാണ് പറയുക. കുതിരയുടെ അടുത്തേക്കു വരാനും കോയസ്സന്റെ മുറിയിൽ പ്രവേശിക്കാനും അപ്പുവിനെ മാത്രമേ അയാൾ അനുവദിച്ചു ള്ളൂ. രസകരമായ പല ചർച്ചകളും അവർ തമ്മിൽ ഉണ്ടായിട്ടുണ്ട്

കോയസ്സന് കുടുംബമുണ്ട്. കഥാകൃത്ത് ആ കുടുംബത്തിന്റെ രേഖാചിത്രങ്ങൾ മാത്രമേ നൽകുന്നുള്ളൂ. അയാൾ ജീവിതത്തിന്റെ മുക്കാൽപങ്കും ചെലവഴിക്കുന്നത് ഈ തറവാട്ടിലാണ്. താനിവിടത്തെ ഒരംഗമാണെന്നും കാര്യമായ ഉത്തരവാദിത്ത ങ്ങളുള്ളയാളാണെന്നും കോയസ്സൻ രഹസ്യമായി വിചാരിക്കുന്നുണ്ടാവണം.

അവിടത്തെ വല്യമുത്തച്ഛന്റെ ഭൃത്യനാണെങ്കിലും അതൊരു ചൂഷണത്തിന്റെ ഭാവ ങ്ങൾ ഉൾക്കൊള്ളുന്നതായി കാണാനാവില്ല. വിഭാഗീയതകൾക്കപ്പുറത്തെ ഇടപഴ കലിനുതന്നെയാണ് ഉറൂബ് മുൻതൂക്കം നൽകുന്നത്.

തറവാട്ടിൽ കാറ് വാങ്ങിയതോടെ കുതിരയും കുതിര വണ്ടിയും കോയസ്സനും പിന്മാറുകയാണ്. മറ്റെന്തെങ്കിലുമൊരു ജോലി കൊടുത്ത് അയാളെ ഈ തറവാട്ടിൽ തന്നെ നിലനിർത്താമായിരുന്നു. അതുണ്ടായില്ല. ഉപയോഗിച്ച് വലിച്ചെറിയുന്ന സ്വ ഭാവം ജന്മിത്തം എന്നും കൊണ്ടുനടന്നിട്ടുണ്ട് എന്നാണോ ഉറൂബ് ഇവിടെ സൂചിപ്പി ക്കുന്നത്?

തലപ്പാവില്ലാതെ കോയസ്സനെക്കണ്ടാൽ കുതിര ബഹളം വയ്ക്കും എന്ന് കഥയി ലൊരിടത്ത് പറയുന്നുണ്ട്. പിരിച്ചുവിടപ്പെട്ട ശേഷം അപ്പു അയാളെ കാണുമ്പോൾ

തലപ്പാവ് ധരിച്ചിരുന്നില്ല. തലപ്പാവെവിടെ എന്ന അപ്പുവിന്റെ ചോദ്യത്തിന് ഇനി തലപ്പാവ് വേണ്ട അപ്പൂ - എന്ന് അയാൾ നിസ്സഹായനായി മറുപടി പറയുന്നു. സ്നേഹം സൗന്ദര്യാത്മകമായി നിൽക്കുന്ന രണ്ടു ബന്ധങ്ങൾ കഥയിലുണ്ട്. ഒന്ന് കോയസ്സനും അപ്പുവും തമ്മിൽ. മറ്റൊന്ന് കോയസ്സനും കുതിരയും തമ്മിൽ. കോയസ്സൻ വിട്ടുപോവുന്നതിൽ ദു:ഖിക്കുന്ന രണ്ടുപേർ. കാലമെത്ര മാറിയാലും ഏതു യന്ത്രവൽകൃത ലോകത്ത് പുലർന്നാലും സ്നേഹത്തിന്റെ നാമ്പുകൾ അവശേഷിക്കും എന്നു തന്നെയാണ് അപ്പു എന്ന കഥാപാത്രസൃഷ്ടിയിലൂടെ കഥാകാരൻ ഉറപ്പിച്ചു പറയുന്നത്.

ജീവിതം കറുത്ത ചോദ്യമായി തീർന്ന കോയസ്സൻ ഒരു ചോദ്യം അപ്പുവിനു മുമ്പിൽ നിവർത്തിയിടുന്നു: അപ്പു വലുതായി ഡോക്ടറോ എഞ്ചിനീയറോ ആകുമ്പോൾ എന്റെ മകൻ കുഞ്ഞാലുവിനെ ഡ്രൈവറാക്കണം. താനും കുടുംബവും എന്നും ആശ്രിതരും വിധേയരുമായി കഴിയേണ്ടവരാണ് എന്ന രൂഢമൂലമായ ചിന്ത കോയസ്സൻ അടങ്ങുന്ന താഴേത്തട്ടിലെ സമൂഹത്തിനുണ്ടായിരുന്നു. ആ വിധേയമനോഭാവം ഏറെ ലളിതമായും ഗൗരവത്തോടെയുമാണിവിടെ ആവിഷ്കരിച്ചിരിക്കുന്നത്. കുഞ്ഞാലു ഡോക്ടറായാലോ എന്ന അപ്പുവിലൂടെ മിന്നിമറഞ്ഞ ചിന്ത കഥാകൃത്തിന്റെതന്നെ പ്രതീക്ഷയാണ്. ഒരു നാൾ കാലം ചേറിൽനിന്നു സിതാംബുജങ്ങൾ വിരിയിക്കും എന്നാണതിന്റെ ധ്വനി.

## പ്രവർത്തനത്തിലൂടെ



### കഥാവായന

- അധ്യാപിക ബോർഡിൽ കോയസ്സൻ എന്ന് എഴുതുന്നു. കോയസ്സൻ എന്നു പേരുള്ള ആരെയെങ്കിലും നിങ്ങൾക്ക് പരിചയമുണ്ടോ?
- കുട്ടികൾ ഉണ്ട് അല്ലെങ്കിൽ ഇല്ല എന്ന ഉത്തരം പറയും. ഉണ്ടെങ്കിൽ അവർക്ക് പരിചയമുള്ള കോയസ്സൻ എന്ന വ്യക്തിയെക്കുറിച്ച് പറയാൻ ആവശ്യപ്പെടാം. അദ്ദേഹത്തിന്റെ പ്രായം, രൂപം, സ്വഭാവത്തിൽ എന്തെങ്കിലും പ്രത്യേകതയുണ്ടെങ്കിൽ അവ എന്നിവയൊക്കെ കുട്ടികൾ പറയട്ടെ.
- കുട്ടികൾക്കും ആ പേരിലുള്ള ഒരാളെ പരിചയമില്ലെങ്കിൽ 'കോയസ്സൻ' എന്ന പേര് ഒരു കഥയിലെ കഥാപാത്രത്തിന്റെ പേരാണെന്ന് അധ്യാപികയ്ക്ക് വെളിപ്പെടുത്താം. ആ പേരിൽ നിന്ന് കഥാപാത്രത്തെ കുറിച്ച് എന്തെങ്കിലും ചില ഊഹങ്ങൾ കുട്ടികൾ അവതരിപ്പിക്കട്ടെ.

  * ............................................
  * ............................................

- കോയസ്സൻ എന്നത് പഴയ തലമുറയിൽ പെട്ട ഒരാളുടെ പേരാണെന്ന് ക്രോഡീകരിക്കാൻ കഴിയുമെങ്കിൽ പഴയതും പുതിയതുമായ ചില പേരുകൾ കൗതുകത്തിനായി ക്ലാസ്സിൽ താരതമ്യം ചെയ്യാം. പഴയ തലമുറയിൽപ്പെട്ട ആളുകളുടെ പേരുകൾ ഒരു ഗ്രൂപ്പും പുതിയ തലമുറയിലെ പേരുകൾ മറ്റൊരു ഗ്രൂപ്പും പറയട്ടെ.

- ◻ പേരുകൾ മാത്രമാണോ കാലത്തിനനുസരിച്ച് മാറിയിട്ടുള്ളത്. പഴയകാലത്തെ പല സാധനങ്ങളും സാമഗ്രികളും ഇന്ന് ഉപയോഗത്തിലില്ലല്ലോ. അതിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരാം.
    - ▪ കുതിരവണ്ടി
    - ▪ കാളകളെ ഉപയോഗിച്ചുള്ള നിലം ഉഴുതൽ
    - ▪ ആട്ടുകല്ല്
    - ▪ മണ്ണെണ്ണ വിളക്ക്
- ◻ ഇത്തരത്തിലുള്ള ഉപകരണങ്ങളിലുള്ള മാറ്റം മനുഷ്യരുടെ ജീവിത സാഹചര്യ ങ്ങളിൽ എങ്ങനെയൊക്കെ സ്വാധീനിച്ചു ?
- ◻ ഇക്കാര്യങ്ങൾ കണ്ടെത്തുന്നതിനായി കോയസ്സൻ എന്ന വായനയ്ക്കായി നിർദേ ശിക്കാം. കുട്ടികൾ മൗനമായി കഥ വായിച്ച് ഉത്തരങ്ങൾ കണ്ടെത്തട്ടെ. അവരുടെ നിരീക്ഷണങ്ങൾ പൊതുവായി അവതരിപ്പിക്കട്ടെ.



## കഥാഭാഗങ്ങൾ അവതരിപ്പിക്കാം

- ◻ കഥയെ 6 ഭാഗങ്ങളായി തിരിക്കുന്നു.
- ◻ ഗ്രൂപ്പിൽ നൽകുന്നു. (ഓരോ ഭാഗം)
- ◻ ഗ്രൂപ്പിൽ ഓരോ ആളായി കഥ അവതരിപ്പിക്കുന്നു.
- ◻ നന്നായി അവതരിപ്പിക്കുന്ന ഓരോ കുട്ടിയെ ഗ്രൂപ്പിൽ നിന്നും കണ്ടെത്തുന്നു.
- ◻ ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ ക്ലാസ്സിലെ മുന്നിൽ പ്രത്യേക ഇരിപ്പിട ത്തിൽ ഇരിക്കുന്നു. ഓരോ ആളായി കഥ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ◻ അവതരണ ശേഷം ലഘു ചർച്ച
- ◻ കഥ ഏറ്റവും നന്നായി അവതരിപ്പിച്ചതാര്?
- ◻ ഒരു കഥ അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തെല്ലാം?
    - ✳ അക്ഷര സ്ഫുടത.
    - ✳ ഭാവം
    - ✳ ആശയവ്യക്തത
    - ✳ ഒഴുക്ക്

*പ്രകടനം വിലയിരുത്തി അധ്യാപിക ടീച്ചിംങ് മാന്വലിൽ രേഖപ്പെടുത്തണം.*



## ആശയഗ്രഹണ ചോദ്യങ്ങളിലേക്ക്

- ◻ പാഠപുസ്തകത്തിലെ 'വായിക്കാം കണ്ടെത്താം' എന്ന ഭാഗത്തെ ചോദ്യങ്ങൾ കുട്ടികൾ വായിക്കട്ടെ. (കൂടുതൽ ചോദ്യങ്ങൾ നൽകുകയും ആവാം.)

ഉദാ: കോയസ്സന്റെ കുടുംബത്തെ കുറിച്ച് എന്തെല്ലാം സൂചനകൾ കഥയിലൂടെ കണ്ടെത്താം?

കോയസ്സന് നല്ല ബുദ്ധിയുണ്ടെന്ന് അപ്പുവിന് മനസ്സിലായത് എപ്പോൾ?

- പാഠഭാഗം വ്യക്തിഗത വായന.
- ചോദ്യത്തോടുള്ള കുട്ടികളുടെ പ്രതികരണങ്ങൾ നോട്ടുബുക്കിൽ കുറിക്കുന്നു.
- രണ്ടുപേർ ചേർന്ന് വായന - മെച്ചപ്പെടുത്തൽ.
- പൊതു അവതരണം
- കൂട്ടിച്ചേർക്കൽ



## ആഴത്തിലുള്ള വായനയിലേക്ക്

- കഥാഭാഗങ്ങൾ കണ്ടെത്താം.
- അപ്പുവും കോയസ്സനും തമ്മിലുള്ള അടുപ്പം വ്യക്തമാക്കുന്ന ഭാഗങ്ങൾ

| | |
|---|---|
| ✦ കോയസ്സന്റെ കുടുംബം | - കുട്ടികളെ കുറിച്ചുള്ള സൂചനകൾ<br>- വീട്ടിലേക്കുള്ള യാത്ര.<br>- ദാരിദ്ര്യം (തലപ്പാവിനായി പഴയ തുണികൾ വാങ്ങുന്നു.) |
| ✦ വീട്ടിൽ കോയസ്സൻ ചെയ്യുന്ന മറ്റ് സഹായങ്ങൾ | - എല്ലാറ്റിനും കോയസ്സൻ വേണം.<br>- പഞ്ചായത്താഫീസ്, റജിസ്ട്രാർ ഓഫീസ് എന്നിവടങ്ങളിൽ പോവണം.<br>- ചായപ്പൊടിയടക്കമുള്ള വീട്ടു സാധനങ്ങൾ കോയസ്സൻ വാങ്ങിയാലേ നന്നാവുള്ളു. |
| ✦ അപ്പുവിനെ പരിഹസിക്കാൻ ഇടയായ സംഭവം | - തലപ്പാവ് ധരിക്കുന്നതിന് കോയസ്സൻ പറഞ്ഞ കാരണം.<br>- കുട ചൂടുന്നതിനെ കുറിച്ചുള്ള അഭിപ്രായം.<br>- അമ്മ കുടയെടുക്കാൻ മറന്നപ്പോൾ അപ്പു കുട നൽകി പറഞ്ഞ കാര്യം. |
| ✦ കോയസ്സന്റെ തലപ്പാവ് | - തലപ്പാവിന് കോയസ്സൻ നൽകുന്ന പ്രാധാന്യം<br>- അത് കെട്ടിയൊരുക്കുന്നതിലുള്ള ശ്രദ്ധ<br>- തൊപ്പിക്കുടയോളമുള്ള വലിപ്പം<br>- തലപ്പാവില്ലാതെ അയാളെ കാണില്ല.<br>- ചുളിഞ്ഞാൽ പോലും ദേഷ്യം വരും.<br>- ഇതിനായി പഴയ തുണികൾ വാങ്ങും.<br>- കുതിരയ്ക്കു കൂടി തലപ്പാവില്ലാതെ അയാളെ തിരിച്ചറിയാൻ കഴിയില്ല.<br>- ജോലി നഷ്ടപ്പെടുന്ന കോയസ്സൻ തലപ്പാവ് ഉപേക്ഷിക്കുന്നു. |

- ഓരോന്നും ചെറുകുറിപ്പുകളായി അവതരിപ്പിക്കട്ടെ.

*ചർച്ചയിലെ പങ്കാളിത്തവും കുറിപ്പും വിലയിരുത്തണം*

## എന്തെല്ലാം ചിന്തകൾ?

- പാഠപുസ്തകത്തിലെ പ്രവർത്തനത്തിൽ നൽകിയ വാക്യം.
- കാറു വന്നപ്പോൾ കുതിരവണ്ടി ആവശ്യമില്ലാതായി. കുതിരക്കാരൻ കോയസ്സനെയും വേണ്ടാതായി.
- അധ്യാപിക ബ്ലാക്ക് ബോർഡിൽ എഴുതുന്നു.
- ഇതിനോടുള്ള കുട്ടിയുടെ പ്രതികരണം നോട്ടുബുക്കിൽ കുറിക്കാൻ നിർദേശിക്കുന്നു.
- ഏതാനും പേർക്ക് ബ്ലാക്ക് ബോർഡിൽ എഴുതാൻ അവസരം.
- പുതിയത് പലതും വരുമ്പോൾ പഴയത് നാം ഉപേക്ഷിക്കും.
- കോയസ്സന്റെ തൊഴിൽ നഷ്ടപ്പെടുമ്പോഴുള്ള സഹതാപം.
- അപ്പുവിന് കോയസ്സൻ നഷ്ടപ്പെടുന്നതിലുള്ള വേദന.
- ചർച്ച
  - കുതിരവണ്ടിയും കോയസ്സനും പഴയ കാലത്തിന്റെ പ്രതീകങ്ങളാണ്.
  - ഇതു കൂടാതെ മറ്റെന്തൊല്ലാമാണ് ഇങ്ങനെ നമുക്ക് നഷ്ടപ്പെട്ടുപോയത്?
    - കാളവണ്ടി
    - കാള, പോത്ത് ഇവയെ ഉപയോഗിച്ചുള്ള നിലം ഉഴൽ
    - തോണിയും തോണിക്കാരനും
    - തറിയും നെയ്ത്തുകാരും.
    - എണ്ണച്ചക്ക്.
- ക്രോഡീകരണം

> കാലം പുരോഗതിക്കുന്നതിനനുസരിച്ച് ചിലത് തീരെ അപ്രത്യക്ഷമാകുന്നു. പുതിയത് പലതും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

- കഥയിൽ കാണുന്ന പഴയ കാലത്തിന്റെ അടയാളങ്ങൾ കുട്ടികൾ കഥ വായിച്ച് കണ്ടെത്തണം.

(കുതിരവണ്ടി, കുതിരക്കാരൻ, മയിൽ, തലപ്പാവ്, തൊപ്പിക്കുട, കുടുക്ക, അരിച്ചക്കര)

> കൂടുതൽ കണ്ടെത്തിയതാര്? -ടീച്ചിംങ് മാന്വലിൽ രേഖപ്പെടുത്തുന്നു.

- ഏതാനും പേരുടെ അവതരണം.
- കൂട്ടിച്ചേർക്കൽ

## കോയസ്സൻ യാത്ര ചോദിക്കുന്ന രംഗം അവതരിപ്പിക്കൽ

- സംഘങ്ങളായി കഥവായന.
- യാത്രചോദിക്കുന്ന രംഗം കണ്ടെത്തൽ

- അവതരണത്തിനുള്ള മുന്നൊരുക്കം.
- അവതരണത്തിൽ എന്തെല്ലാം ശ്രദ്ധിക്കണം (ഗ്രൂപ്പ് ചർച്ച)
- കഥാപാത്രങ്ങളെ നിശ്ചയിക്കൽ.
- സംഭാഷണം തയാറാക്കൽ
- കഥാപാത്രം പറയുന്നത് എന്ത്? ചിന്തിക്കുന്നതെന്ത്? കണ്ടെത്തൽ - സ്വാംശീകരിക്കൽ.
- അവതരണം
- പൊതുചർച്ച
- ഏതുഗ്രൂപ്പാണ് നന്നായി അവതരിപ്പിച്ചത്? കണ്ടെത്തൽ
- ഇനിയും മെച്ചപ്പെടേണ്ടത് എന്തെല്ലാം? ചർച്ച.

*നന്നായി അവതരിപ്പിച്ച ഗ്രൂപ്പ്, കുട്ടികളുടെ പേര് ഇവ ടീച്ചിംങ് മാന്വലിൽ രേഖപ്പെടുത്തണം.*

## കഥാപാത്രനിരൂപണം തയാറാക്കൽ

- അവതരണത്തിനു ശേഷം,
- ഈ കഥയിൽ ഇഷ്ടപ്പെട്ട കഥാപാത്രം ആര്? എന്ത്കൊണ്ട്? എന്ന ചോദ്യത്തിലൂടെ കഥാപാത്ര നിരൂപണത്തിലേക്ക് പ്രവേശിക്കാം.
- കഥാവായന (വ്യക്തിഗതം)
- എല്ലാകുട്ടികളും കഥവായന നടത്തിയശേഷം അധ്യാപിക ചാർട്ടിൽ മനോപടം തയാറാക്കുന്നതിനാവശ്യമായ നിർദേശങ്ങൾ നൽകുന്നു.




- മനോപടം രണ്ടുപേരുടെ ഗ്രൂപ്പിൽ കൈമാറി വായന
- കൂട്ടുകാരനിൽ നിന്നും കൂട്ടിച്ചേർക്കൽ
- കഥാപാത്ര നിരൂപണം തയാറാക്കൽ
- ഏതാനും പേരുടെ അവതരണം (ഒന്നോ രണ്ടോ പേര്)
- ഗ്രൂപ്പിൽ വായന.
- ഗ്രൂപ്പിൽ മികച്ചത് അവതരണം.
- ചർച്ചയുടെ പൊതു സൂചകങ്ങൾ വികസിപ്പിക്കൽ.

- ■ കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ
- ■ കഥയിലെ സ്ഥാനം
- ■ ഇടപെടലുകൾ

- ◻ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വായന.
- ◻ മെച്ചപ്പെടുത്തൽ
- ◻ പോർട്ടുഫോളിയയിലേക്ക്.

*പ്രക്രിയാ ഘട്ടങ്ങളിൽ കുട്ടികളുടെ പ്രകടനം, ഉൽപന്നം, പങ്കാളിത്തം, ഇവ വിലയിരുത്തണം. കുറിപ്പുകൾ ടീച്ചിംഗ് മാന്വലിൽ രേഖപ്പെടുത്തണം. ആവശ്യമായ പിന്തുണ നൽകണം. പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികൾക്ക് മാർഗനിർദേശങ്ങൾ നൽകണം.*

## കഥ തയ്യാറാക്കൽ

- ◻ അപ്പുവിന്റെ വീട്ടിൽ നിന്നു പോയ കോയസ്സന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങൾ എന്തൊക്കെ?
- ◻ കുട്ടികൾ കഥ വ്യക്തിഗതമായി എഴുതൽ.
- ◻ കഥ എഴുതാൻ സഹായകമായ ചർച്ചാ ചോദ്യങ്ങൾ ടീച്ചർ ഉന്നയിക്കണം
  - ❋ കുഞ്ഞാലു ഡോക്ടറാകുമോ?
  - ❋ ആയാൽ കോയസ്സന്റെ കുടുംബത്തിൽ വരാവുന്ന മാറ്റങ്ങൾ എന്തെല്ലാം?
  - ❋ കോയസ്സൻ തുടർന്ന് എന്തൊക്കെ ജോലി ചെയ്തിട്ടുണ്ടാകും?
  - ❋ അപ്പുവും കുഞ്ഞാലുവും പിന്നീട് കണ്ടുമുട്ടിയിട്ടുണ്ടാകുമോ?
  - ❋ മറ്റെന്തെല്ലാം സംഭവങ്ങൾ നടന്നിട്ടുണ്ടാകും?
- ◻ കുട്ടികൾ സ്വതന്ത്രമായി കഥ രചിക്കട്ടെ.

**കഥയെഴുതുമ്പോൾ**

*പ്രമേയത്തിന്റെ തുടർച്ച*
*കഥ നടക്കുന്ന സ്ഥലം*
*കഥാപാത്രങ്ങൾ*
*കഥാഗതി*
*സംഭാഷണം*
*സ്വാഭാവികമായ വളർച്ച, ഒടുക്കം*

## പഠനനേട്ടങ്ങൾ

- മാതൃഭാഷയുടെ മഹത്വം പ്രതിപാദിക്കുന്ന കവിതകൾ വായിച്ച് ഈണം, താളം ഇവ കണ്ടെത്തി ഭാവാത്മകമായി അവതരിപ്പിക്കുക.
- മലയാളത്തിലെ പ്രസിദ്ധരായ കവികളെയും കഥാകാരന്മാരെയും കുറിച്ച് (പാഠഭാഗത്ത് പരാമർശിച്ച) കൂടുതൽ വിവരങ്ങൾ കണ്ടെത്തി ജീവചരിത്രക്കുറിപ്പ് തയാറാക്കുന്നു
- കഥ, നോവൽഭാഗം എന്നിവയിൽ നിന്നും ആർജിച്ച അനുഭവങ്ങളെ വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ (നാടകം, കഥാപാത്രനിരൂപണം) ആവിഷ്ക്കരിക്കുക
- കണ്ടും കേട്ടും വായിച്ചും മനസ്സിലാക്കിയ കാര്യങ്ങൾ ചർച്ചകളിലും മറ്റും സമുചിതം സംക്ഷിപ്തമായി അവതരിപ്പിക്കുന്നു






## ചങ്ങമ്പുഴ കൃഷ്ണപിള്ള

ജനനം : 1911 ഒക്ടോബർ 10.
ജന്മസ്ഥലം : എറണാകുളം ജില്ലയിലെ ഇടപ്പള്ളി.
പിതാവ് : കൊച്ചി തെക്കേടത്ത് രാമൻ മേനോൻ.
മാതാവ് : ചങ്ങമ്പുഴ പാറുക്കുട്ടിയമ്മ.
കാല്പനികതാപ്രസ്ഥാനത്തിലൂടെ പുതിയൊരു സൗന്ദര്യസങ്കല്പം മലയാളകവിതയിൽ അവതരിപ്പിച്ചു. കൂട്ടുകാരനായ ഇടപ്പള്ളി രാഘവൻപിള്ളയോടൊത്ത് വികസിപ്പിച്ച ഈ കാവ്യസമ്പ്രദായം മലയാളകവിതയിൽ പുതിയൊരു മാറ്റത്തിന് തുടക്കമിട്ടു.
'മംഗളോദയം' മാസികയുടെ പത്രാധിപസമിതി അംഗമായരുന്നു.
മരണം :1948 ജൂൺ 17

*പ്രധാനകൃതികൾ :*

രമണൻ, ആരാധകൻ, യവനിക, മോഹിനി, തിലോത്തമ, ദേവയാനി, നർത്തകി, മദിരോത്സവം, മഗ്ദലനമോഹിനി, വസന്തോത്സവം (ലഘുകാവ്യങ്ങൾ) അസ്ഥിയുടെ പൂക്കൾ, അപരാധികൾ, ഓണപ്പൂക്കൾ, കലാകേളി, ചൂഡാമണി, ലീലാങ്കണം, ബാഷ്പാഞ്ജലി, സങ്കല്പകാന്തി, രക്തപുഷ്പങ്ങൾ, സ്വരരാഗസുധ, സ്പന്ദിക്കുന്ന അസ്ഥിമാടം, അമൃതവീചി, ഉദ്യാനലക്ഷ്മി, മഞ്ഞക്കിളികൾ, മൗനഗാനം (കവിതാസമാഹാരങ്ങൾ) ദിവ്യഗീത, സുധാംഗദ, ദേവഗീത, (വിവർത്തനങ്ങൾ) സാഹിത്യചിന്തകൾ (ലേഖനങ്ങൾ). തുടിക്കുന്ന താളുകൾ (ആത്മകഥ).

---



## വൈക്കംമുഹമ്മദ്ബഷീർ

ജനനം: 1910 ജനുവരി 21.
ജന്മസ്ഥലം : കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്ത് തലയോലപ്പറമ്പ്.
പിതാവ് : അബ്ദുറഹിമാൻ.
മാതാവ് : കുഞ്ഞാച്ചുമ്മ.
കോഴിക്കോടിനടുത്തുള്ള ബേപ്പൂരിലായിരുന്നു താമസം.
'ബേപ്പൂർസുൽത്താൻ' എന്നു വിളിക്കപ്പെടുന്നു.
ചെറുപ്പകാലത്ത് ഇന്ത്യ മുഴുവൻ അലഞ്ഞ് സഞ്ചരിച്ചിരുന്നു.
സ്വാതന്ത്ര്യസമരസേനാനിയായിരുന്നു.
ജീവിതത്തിന്റെ നേർക്കാഴ്ചകളെ കഥകളിൽ അതിമനോഹരമായി ആവിഷ്ക്കരിച്ചു.
മരണം :1994 ജൂലായ് 5
ലഭിച്ച പ്രധാന പുരസ്കാരങ്ങൾ : കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള താമ്രപത്രം, പത്മശ്രീ - പത്മഭൂഷൺ ബഹുമതികൾ.

*പ്രധാനകൃതികൾ :*

മതിലുകൾ, ശബ്ദങ്ങൾ, ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു, ബാല്യകാലസഖി, പാത്തുമ്മാ

യുടെ ആട്, മുച്ചീട്ടുകളിക്കാരന്റെ മകൾ, സ്ഥലത്തെ പ്രധാനദിവ്യൻ, ആനവാരിയും പൊൻകുരിശും, പ്രേമലേഖനം തുടങ്ങി 13 ഓളം നോവലുകൾ.

വിശ്വവിഖ്യാതമായ മൂക്ക്, വിശപ്പ്, ജന്മദിനം, കഥാബീജം, ആനപ്പൂട തുടങ്ങി 12 ഓളം കഥാസമാഹാരങ്ങൾ.

---

## ഉറൂബ് (പി.സി.കുട്ടികൃഷ്ണൻ)



ജനനം: 1915 ജൂൺ 8
ജന്മസ്ഥലം : മലപ്പുറം ജില്ലയിലെ പൊന്നാനി.
പിതാവ് : കെ.വി. കരുണാകരമേനോൻ
മാതാവ് : പാറുക്കുട്ടിയമ്മ.
ദീർഘകാലം ആകാശവാണിയിൽ ജോലി ചെയ്തു. മംഗളോദയം, കുങ്കുമം, മലയാളമനോരമ വീക്കിലി എന്നിവയുടെ പത്രാധിപരായും പ്രവർത്തിക്കുകയുണ്ടായി.
ജീവിതത്തെ പ്രസാദാത്മകമായി ചിത്രീകരിച്ചവയായിരുന്നു ഉറൂബിന്റെ കഥകൾ.
മരണം :1979 ജൂലായ് 10
ലഭിച്ച പ്രധാന പുരസ്കാരങ്ങൾ : കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, മദ്രാസ് ഗവർമെന്റിന്റെ സാഹിത്യപുരസ്കാരം, ആശാൻ ജന്മശതാബ്ദി പുരസ്കാരം, എം.പി.പോൾ അവാർഡ്

*പ്രധാനകൃതികൾ :*

സുന്ദരികളും സുന്ദരന്മാരും, ഉമ്മാച്ചു, മിണ്ടാപ്പെണ്ണ്, അണിയറ, അമ്മിണി, ചുഴിക്കുമുമ്പേ ചുഴി (നോവലുകൾ); ഗോപാലൻനായരുടെ താടി, ഉള്ളവരും ഇല്ലാത്തവരും, ലാത്തിയും പൂക്കളും, കൂമ്പെടുക്കുന്ന മണ്ണ്, തുറന്നിട്ട ജാലകം, താമരത്തൊപ്പി (കഥകൾ)